**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III-ന്റെ പരിധിയിൽ ഉൾപ്പെട്ട് സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അവരുടെ ബാധ്യത ഈടാക്കുന്നതിനും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.82/2022/ധന** **തിരുവനന്തപുരം, തീയതി:04/07/2022**

---

പരാമർശം : കെ.എസ്.ആർ ഭാഗം III ചട്ടം 2, 3, & 59.

**<u>ഉത്തരവ്</u>**

സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ എപ്രകാരം സ്വീകരിക്കണമെന്നത് സംബന്ധിച്ച് കെ.എസ്.ആർ ഭാഗം III ചട്ടം 2, 3, 59 എന്നിവയിൽ വിശദമാക്കിയിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം പെൻഷനിൽ നിന്നും തുക കുറവ് വരുത്തിയാണ് ശിക്ഷാ നടപടി തീർപ്പാക്കേണ്ടത്. ആയതു കഠിന (Major) ശിക്ഷയായി കണക്കാക്കേണ്ടതിനാൽ ഉദ്യോഗസ്ഥർക്കെതിരെ കൈക്കൊള്ളുന്ന മറ്റ് ലഘു (Minor) ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ല. കെ.എസ്.ആർ ഭാഗം III ചട്ടം 2, 3 & 59 എന്നിവ പ്രകാരം പെൻഷനിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ പലപ്പോഴും ടി ചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് വിരമിച്ചവർക്കെതിരെ അച്ചടക്ക നടപടി തുടരുന്നതായും KCS (CC&A) Rules പ്രകാരം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി തീർപ്പാക്കുന്നതായും, ഡി സി ആർ ജി കണ്ടു കെട്ടി അച്ചടക്ക നടപടി സ്വീകരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം III പ്രകാരം സർവീസിൽ നിന്നും വിരമിച്ചവർക്കെതിരെയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതു സംബന്ധിച്ചും, അവരുടെ ബാധ്യത ഈടാക്കുന്നതു സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) **ചട്ടം 2 :-**

(i) ഭാവിയിലുള്ള നല്ല പെരുമാറ്റം ഉറപ്പാക്കണമെന്ന വ്യവസ്ഥക്ക് വിധേയമായിട്ടാണ് പെൻഷൻ നൽകുന്നത്. കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം പെൻഷണർക്കെതിരെ ഗൗരവമായ കുറ്റകൃത്യം സ്ഥാപിക്കപ്പെടുമ്പോൾ അല്ലെങ്കിൽ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിനു കുറ്റക്കാരനാണെന്ന് തീരുമാനിക്കുമ്പോൾ സർക്കാരിന് ലിഖിതമായ ഉത്തരവിനാൽ പെൻഷനോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ തടഞ്ഞു വയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്. അതായതു ഒരു പെൻഷണർക്കെതിരെ സ്ഥാപിക്കപ്പെടുന്ന കുറ്റകൃത്യങ്ങളുടെ ഭാഗമായി, ടിയാന്റെ പ്രവർത്തി നല്ല പെരുമാറ്റം ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ പെൻഷനിൽ കുറവ്

വരുത്തുന്ന അല്ലെങ്കിൽ പെൻഷൻ പൂർണ്ണമായും പിൻവലിക്കുന്ന, തടഞ്ഞു വയ്ക്കുന്ന സാഹചര്യങ്ങളിലാണ് കെ.എസ്.ആർ ഭാഗം III ചട്ടം 2 ബാധകമാകുന്നത്. സർവീസിലിരിക്കുമ്പോൾ നടന്ന സംഭവത്തിന്മേൽ ഈ ചട്ടം ബാധകമാക്കാനാകില്ല. ടി ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(ii) ഒരു പെൻഷണറെ കോടതി ശിക്ഷിച്ചാലും, ഗുരുതരമായ കുറ്റകൃത്യത്തിന് ഒരു പെൻഷണറെ ജുഡീഷ്യൽ കസ്റ്റഡിയിൽ 30 ദിവസത്തിൽ കൂടുതൽ വിട്ടാലും പ്രസ്തുത വിവരം ജയിൽ സൂപ്രണ്ട് / സ്റ്റേഷൻ ഹൗസ് ഓഫീസർ / ജില്ലാ തല നിയമ ഓഫീസർ എന്നിവർ ട്രഷറി ഡയറക്ടറെ അറിയിക്കേണ്ടതാണ്. മേൽ വിധി ന്യായത്തിന്റെ പകർപ്പ്, പെൻഷണറുടെ വിശദ വിവരം, ടി കേസിന്റെ മറ്റ് വിവരങ്ങൾ എന്നിവ സഹിതം വിശദമായ റിപ്പോർട്ട് ട്രഷറി ഡയറക്ടർ ധനകാര്യ (പെൻഷൻ-ബി) വകുപ്പിനു നൽകേണ്ടതാണ്. കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം നടപടി സ്വീകരിക്കുന്നതിന് മുൻപായി പെൻഷണർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി കൊണ്ട് ധനകാര്യ (പെൻഷൻ-ബി) വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് പെൻഷണർക്കു നൽകേണ്ടതും പെൻഷണർ സമർപ്പിക്കുന്ന വിശദീകരണം പരിഗണിക്കേണ്ടതുമാണ്. തുടർന്ന് കേരള പബ്ലിക് സർവീസ് കമ്മീഷനുമായി കൂടിയാലോചിച്ച് ശിക്ഷാ കാലയളവിലും തുടർന്നും പെൻഷൻ നൽകുന്ന വിഷയത്തിലും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**(ii). ചട്ടം 3 :-**

ചട്ടം 3 പ്രകാരം വകുപ്പുതല അച്ചടക്ക നടപടി / ജുഡീഷ്യൽ നടപടിയുടെ ഭാഗമായി ഒരു പെൻഷണറുടെ പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ, പിൻവലിക്കാവുന്നതാണ്. കൂടാതെ സർക്കാരിന് നേരിട്ട സാമ്പത്തിക നഷ്ടം വകുപ്പുതല അച്ചടക്ക നടപടി /ജുഡീഷ്യൽ നടപടിയുടെ ഭാഗമായി പെൻഷനിൽ നിന്നും ഈടാക്കാവുന്നതാണ്.

**(iii). ചട്ടം 3(a) :-**

(i) ഒരു ജീവനക്കാരൻ സർവീസിലിരിക്കുമ്പോൾ KCS (C.C &A) ചട്ട പ്രകാരം ആരംഭിച്ച വകുപ്പുതല നടപടികൾ സർവീസിൽ നിന്നും വിരമിക്കുമ്പോഴും തീർപ്പാക്കിയിട്ടില്ലായെങ്കിൽ കെ.എസ് ആർ ഭാഗം III ചട്ടം 3(a) പ്രകാരം തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. സർവീസിലിരിക്കുമ്പോൾ അച്ചടക്ക നടപടി ആരംഭിച്ച അതേ അധികാര സ്ഥാനത്തിനു തന്നെ കെ. എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരമുള്ള അച്ചടക്ക നടപടി തുടരാവുന്നതാണ്. KCS (CC&A) ചട്ട പ്രകാരം ഒരാൾക്ക് മേജർ പെനാൽറ്റി നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് (KCS (CC&A) Rules - ലെ ചട്ടം 15) അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് അച്ചടക്ക നടപടി തുടരാവുന്നതും കുറ്റാരോപിതനെതിരെ സ്വീകരിക്കേണ്ട നടപടി വ്യക്തമാക്കി സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതും, സർക്കാർ തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിക്കുന്ന പക്ഷം, ഈ ചട്ട പ്രകാരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി ടി വ്യക്തിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും നിശ്ചിത കാലയളവിനുള്ളിൽ ടിയാന്റെ മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ, ടിയാനെ കേട്ടതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് അന്തിമ തീരുമാനമെടുക്കേണ്ടതുമാണ്. ടി ചട്ട പ്രകാരം സബോർഡിനേറ്റ് അധികാരിക്കു അച്ചടക്ക

നടപടി തുടരാൻ അനുമതിയുണ്ടെങ്കിലും, പെൻഷനിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷ ഉയർത്തി നൽകുവാൻ കാര്യകാരണങ്ങളുടെ വെളിച്ചത്തിൽ ഭരണ വകുപ്പ് തീരുമാനിക്കുന്ന പക്ഷം പ്രസ്തുത വിവരം ഉൾപ്പെടുത്തി പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് ടി വ്യക്തിക്ക് നൽകി, ന്യായയുക്തമായ അവസരം നൽകി, ടിയാനെ കേട്ട് മറുപടി വാങ്ങി അന്തിമ തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷ ഉയർത്തി നൽകുന്നതിന് ഭരണ വകുപ്പിന് വിയോജിപ്പ് ഉള്ള പക്ഷം കാര്യകാരണങ്ങൾ വ്യക്തമാക്കി ഒരിക്കൽകൂടി ബഹു. കമ്മീഷന്റെ ഉപദേശം വാങ്ങേണ്ടതും ബഹു. കമ്മീഷൻ മുൻനിലപാടിൽ ഉറച്ച് നിൽക്കുന്നപക്ഷം ബഹു. കമ്മീഷന്റെ ഉപദേശത്തെ മറികടക്കുന്നതിന് (over rule) ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് ഭരണ വകുപ്പിന് അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.

(ii) ടി ചട്ട പ്രകാരം വകുപ്പുതല നടപടി നേരിടുന്ന വിരമിച്ച ജീവനക്കാരനു ചട്ടം 3A (a) പ്രകാരം അയാളുടെ യോഗ്യമായ സർവീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമാകുന്ന പരമാവധി പെൻഷനിൽ കവിയാത്ത ഒരു തുക താൽക്കാലിക പെൻഷനായി അനുവദിക്കാവുന്നതാണ്. ടി നടപടിയുടെ തീർപ്പാക്കലും അതിൻമേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കലും വരെ യാതൊരു അന്ത്യോപദാനവും (DCRG), പെൻഷൻ കമ്മ്യൂട്ടേഷനും നൽകുവാനും പാടില്ല.

(iii) ഒരു ജീവനക്കാരന് അല്ലെങ്കിൽ പെൻഷണർക്ക് ചാർജ് മെമ്മോ നൽകിയ തീയതി മുതൽ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചതായി കരുതേണ്ടതാണ്. എന്നാൽ സസ്പെൻഷനിലിരിക്കെ വസ്തുതാവിവരണ പത്രിക നൽകിയാൽ സസ്പെൻഷൻ തീയതി മുതൽ അച്ചടക്ക നടപടി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. സസ്പെൻഷനിലിരിക്കെ വിരമിക്കുകയോ, സസ്പെൻഷനു ശേഷം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും തുടർന്ന് വിരമിക്കുകയോ ചെയ്യുന്ന കേസുകളിൽ വസ്തുതാവിവരണ പത്രിക പ്രസ്തുത കാലയളവിൽ നൽകാത്ത പക്ഷം അച്ചടക്ക നടപടി ആരംഭിച്ചതായി കണക്കാക്കുവാൻ കഴിയുകയില്ല.

(iv) ജീവനക്കാരൻ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കേണ്ടതാണ്. കെ.എസ്.ആർ ഭാഗം III പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കുന്നത് പെൻഷനിൽ കുറവ് ചെയ്തുകൊണ്ടായതിനാൽ ഒന്നിലധികം വകുപ്പുതല അച്ചടക്ക നടപടികൾ നേരിടുന്ന ജീവനക്കാരൻ വിരമിച്ചാൽ അയാൾക്കെതിരെയുള്ള എല്ലാ അച്ചടക്ക നടപടികളും ഒരുമിച്ച് പരിഗണിച്ച് തീർപ്പുകൽപ്പിക്കേണ്ടതാണ്.

**(iv) ചട്ടം 3(b):-**

സർവീസിലിരിക്കുമ്പോൾ ഒരു ജീവനക്കാരനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെങ്കിലും കുറ്റാരോപിതൻ വിരമിച്ചാലും (പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാലും, ഇല്ലെങ്കിലും) സംഭവം നടന്നു നാല് വർഷ കാലയളവ് പിന്നിട്ടിട്ടില്ലാത്ത പക്ഷം അയാൾക്കെതിരെ കെ എസ് ആർ ഭാഗം

III ചട്ടം 3(b)(i) പ്രകാരമുള്ള അച്ചടക്ക നടപടി സർക്കാർ അനുമതിയോടെ സ്വീകരിക്കാവുന്നതാണ്. സർക്കാർ നിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിനു തന്നെ ടി നടപടി തുടരാവുന്നതും KCS (C.C &A) ചട്ട പ്രകാരം ഒരാൾക്ക് മേജർ ശിക്ഷ നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ച് (KCS (CC&A)Rules - ലെ ചട്ടം 15), അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് അച്ചടക്ക നടപടി തുടരാവുന്നതും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റാരോപിതനെതിരെ സ്വീകരിക്കേണ്ട നടപടി വ്യക്തമാക്കി സർക്കാരിലേക്ക് റിപ്പോർട്ട് നൽകേണ്ടതും, ടി റിപ്പോർട്ടിൽ സർക്കാർ തുടർ നടപടി കൈക്കൊള്ളാൻ തീരുമാനിക്കുന്ന പക്ഷം, ഈ ചട്ട പ്രകാരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കി ടി വ്യക്തിക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി, ന്യായയുക്തമായ അവസരം നൽകി, ടിയാന്റെ മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ ടിയാനെ കേട്ടതിനുശേഷം കേരള പബ്ലിക് സർവീസ് കമ്മീഷനുമായി കൂടിയാലോചിച്ച് അന്തിമ തീരുമാനമെടുക്കാവുന്നതുമാണ്. ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽക്കാലികമായോ, സ്ഥിരമായോ പിൻവലിക്കാവുന്നതാണ്. ഈ ചട്ടപ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്.

**(v) ചട്ടം 3(c):-**

(i) വിരമിച്ച ഉദ്യോഗസ്ഥന്റെ പേരിൽ നീതിന്യായ നടപടി ആരംഭിക്കുന്ന പക്ഷം, ടി നടപടി തുടങ്ങുന്നതിനാധാരമായ സംഭവം നടന്നിട്ട് നാല് വർഷം കഴിയുന്ന കേസുകളിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വിരമിക്കുന്ന സമയത്ത് നീതിന്യായ നടപടി നേരിടുന്ന ജീവനക്കാരന് ചട്ടം 3A (a) പ്രകാരം അയാളുടെ യോഗ്യമായ സർവീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമാകുന്ന പരമാവധി പെൻഷനിൽ കവിയാത്ത ഒരു തുക താൽക്കാലിക പെൻഷൻ ആയി അനുവദിക്കാവുന്നതാണ്. ടി നടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ യാതൊരു അന്ത്യോപദാനവും (DCRG), പെൻഷൻ കമ്മ്യൂട്ടേഷനും നൽകുവാനും പാടില്ല. ക്രിമിനൽ കേസുകളിൽ മജിസ്ട്രേറ്റ് കുറ്റം വിചാരണയ്ക്ക് എടുക്കുന്ന തീയതിയിലും, സിവിൽ കേസുകളിൽ അന്യായ ഹർജി കോടതിയിൽ ഹാജരാക്കുന്ന തീയതിയിലും നീതിന്യായ നടപടി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്.

(ii) സർവീസിലിരിക്കെ നീതിന്യായ നടപടി നേരിടുന്ന ജീവനക്കാർക്കെതിരെ, നീതിന്യായ നടപടിക്കു പുറമേ നിയമനാധികാരി വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കേണ്ടതും, കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി, വിധി പുറപ്പെടുവിക്കുന്ന തീയതി മുതൽ ആറുമാസത്തിനകം വകുപ്പുതല നടപടി തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

**(vi) ചട്ടം 59(b):-**

വിരമിച്ച കുറ്റാരോപിതർക്കെതിരെ കെ എസ് ആർ ഭാഗം III ചട്ടം 3 പ്രകാരം നടപടികൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും തന്നെ നല്കിയിട്ടില്ലായെങ്കിൽ കെ എസ് ആർ ഭാഗം 3 ചട്ടം 59(b) പ്രകാരം സർക്കാരിന് അച്ചടക്ക നടപടി ആരംഭിക്കാവുന്നതാണ്.

ചട്ടം 59(b) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ന്യായയുക്തമായ അവസരം നൽകി മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ കുറ്റാരോപിതരെ കേട്ടതിനുശേഷം ശിക്ഷനടപടിയിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. ടി ചട്ട പ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷന്റെ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. .ഈ ചട്ടം പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിനുള്ള വ്യവസ്ഥയാണ്. ടി ചട്ടം ഒരു അന്വേഷണ വിചാരണ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ വിരമിച്ച ജീവനക്കാരനു അയാളെ സ്വയം ന്യായീകരിക്കുന്നതിനും വിശദീകരണം നൽകുന്നതിനും അവസരം നൽകേണ്ടതാണ്. ടി ചട്ട പ്രകാരം അന്തിമ തീരുമാനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടേണ്ടതില്ല.

**(vii) ചട്ടം 59(c):-**

വകുപ്പുതല / നീതിന്യായ നടപടി എന്നിവയിൽ വിരമിച്ചതിനു ശേഷം കുറ്റക്കാരെന്നു കാണുന്ന ഉദ്യോഗസ്ഥർക്ക് പെൻഷനാനുകൂല്യങ്ങൾ വിതരണം ചെയ്താലും ഇല്ലെങ്കിലും അവർക്കെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59(c) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷനിൽ കുറവ് വരുത്തുവാനും പെൻഷൻ പൂർണ്ണമായും പിൻവലിക്കാനും സർക്കാരിനു അധികാരം ഉണ്ടായിരിക്കുന്നതാണ്.

ചട്ടം 59(c) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ന്യായയുക്തമായ അവസരം നൽകി മറുപടി വാങ്ങേണ്ടതും കഴിയുമെങ്കിൽ കുറ്റാരോപിതരെ കേട്ടതിനുശേഷം ശിക്ഷാനടപടിയിൽ തീർപ്പ് കൽപ്പിക്കാവുന്നതുമാണ്. ടി ചട്ട പ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷൻ പൂർണ്ണമായും പിൻവലിച്ചോ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്തോ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള ടി ചട്ടം ഒരു അന്വേഷണ വിചാരണ വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ വിരമിച്ച ജീവനക്കാരന് അയാളെ സ്വയം ന്യായീകരിക്കുന്നതിനും വിശദീകരണം നൽകുന്നതിനും അവസരം നൽകേണ്ടതാണ്. ടി ചട്ട പ്രകാരം അന്തിമ തീരുമാനത്തിന് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടേണ്ടതില്ല.

**(viii) ചട്ടം 59(d):-**

ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുകയും, പെൻഷൻ ആനുകൂല്യങ്ങളെല്ലാം കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ KSR ഭാഗം III ചട്ടം 3, 59(b) & 59(c) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കെ എസ് ആർ ഭാഗം III ചട്ടം 59(d) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടി സമർപ്പിക്കുന്നതിനു 15 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.
- ടിയാന്റെ മറുപടി കൈപ്പറ്റിയതിനു ശേഷം/യഥാസമയം മറുപടി ലഭിക്കാത്ത പക്ഷം അച്ചടക്ക

നടപടികളുമായി മുന്നോട്ടു പോകുവാൻ ഭരണവകുപ്പ് തീരുമാനിക്കുകയാണെങ്കിൽ കുറ്റാരോപിതൻ വിരമിച്ച തസ്തികയെക്കാൾ ഉയർന്ന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ അന്വേഷണ അധികാരിയായി നിയമിച്ച് ഔപചാരിക അന്വേഷണം നടത്തേണ്ടതാണ്.

- അന്വേഷണ അധികാരി ലഭ്യമായ തെളിവുകളുടെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള ആരോപണം സൂക്ഷ്മ പരിശോധന നടത്തി ടിയാനെ നേരിൽ കേട്ടതിനു ശേഷം 45 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

- അന്വേഷണ അധികാരിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം, അന്വേഷണ റിപ്പോർട്ട് സഹിതം ടിയാനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട നടപടി വ്യക്തമാക്കി കുറ്റാരോപിതന് നോട്ടീസ് നൽകേണ്ടതാണ്. ടിയാന് മറുപടി സമർപ്പിക്കുവാൻ 15 ദിവസത്തെ സമയപരിധി നൽകി, ആവശ്യമെങ്കിൽ ടിയാനെ/ടിയാരിയെ നേരിട്ട് കേൾക്കുകയും ചെയ്യേണ്ടതാണ്.

- അന്വേഷണ റിപ്പോർട്ട്, കുറ്റാരോപിതനായ വിരമിച്ച ഉദ്യോഗസ്ഥൻ നോട്ടീസിന് നൽകിയ മറുപടി എന്നിവ പരിശോധിച്ചതിനു ശേഷം അച്ചടക്ക നടപടികൾ തീർപ്പു കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ചട്ടം 59(d) പ്രകാരം മേജർ ശിക്ഷ എന്ന നിലയിൽ പെൻഷൻ പൂർണ്ണമായും പിൻവലിച്ചോ ഒരു നിശ്ചിത ഭാഗം മാത്രം സ്ഥിരമായി കുറവ് ചെയ്തോ അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്. പെൻഷനിൽ സ്ഥിരമായ കുറവ് വരുത്തുന്നതിനുള്ള വ്യവസ്ഥയടങ്ങിയതാണ് ഈ ചട്ടം.

**(ix)** ഒരാൾക്കെതിരെ കെ.എസ്.ആർ ഭാഗം III - ലെ ഏതെങ്കിലും ചട്ട പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ചു വരവെ മറ്റൊരു കേസിൽ കെ.എസ്.ആർ ഭാഗം III -ലെ മറ്റൊരു ചട്ട പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കരുത്. രണ്ടാമത്തെ കേസും കൂടി ഉൾപ്പെടുത്തി ആദ്യ കേസിൽ അച്ചടക്ക നടപടി തുടരാവുന്നതും നടപടിക്രമങ്ങൾ പാലിച്ച് പൂർത്തിയാക്കാവുന്നതുമാണ്.

**(x)** കെ.എസ്.ആർ ഭാഗം III ചട്ടം 2, 3 & 59 എന്നിവ പ്രകാരം പെൻഷനിൽ കുറവ് ചെയ്യുന്ന പക്ഷം പെൻഷണർക്ക് ലഭിക്കേണ്ട തുക കാലകാലങ്ങളിലുള്ള ഏറ്റവും കുറഞ്ഞ പെൻഷന്റെ (Minimum Pension) 50% -ത്തിൽ കുറയുവാൻ പാടില്ല. എന്നാൽ പെൻഷൻ പിൻവലിക്കുവാൻ തീരുമാനിക്കുന്ന പക്ഷം ആയത് പൂർണ്ണമായും പിൻവലിക്കാവുന്നതാണ്. ചട്ടം 59(b)/(c)/(d) എന്നിവ പ്രകാരമുള്ള നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ച് ആയത് ആറ് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

**xi) പെൻഷൻ തടഞ്ഞു വെയ്ക്കുന്നതിനുള്ള നടപടിക്രമം**

കെ.എസ്.ആർ ഭാഗം III ചട്ടം 3 പ്രകാരം പെൻഷൻ തടഞ്ഞു വെയ്ക്കാൻ അച്ചടക്ക അധികാരി തീരുമാനിക്കുന്ന പക്ഷം പ്രസ്തുത വിവരം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതാണ്. സാധാരണ നിലയിൽ ഇപ്രകാരം തടഞ്ഞു വെയ്ക്കുന്ന തുക ജീവനക്കാരന് അനുവദിച്ചിട്ടുള്ള / ലഭിക്കുമായിരുന്ന പെൻഷന്റെ 1/3 ഭാഗത്തിൽ കവിയാൻ പാടില്ല.

**(xii) ഡി സി ആർ ജി യിൽ നിന്നും ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച്;:-**

**(a) ചട്ടം 3-ന്റ താഴെയുള്ള കുറിപ്പ് 2 & 3, റൂളിംഗ് 1**

(i) കെ എസ് ആർ ഭാഗം III ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു കൊണ്ട് ഒരാളുടെ ഡി സി ആർ ജി യിൽ നിന്നും സർക്കാർ ബാധ്യത ഈടാക്കാൻ സാധിക്കുന്നതല്ല. എന്നാൽ ജീവനക്കാരന് / പെൻഷണർക്ക് സർക്കാരിൽ എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ, വകുപ്പുതല നടപടി ഇല്ലാതെ തന്നെ പെൻഷണറുടെ ഡി സി ആർ ജി യിൽ നിന്നും, ജീവനക്കാരൻ വിരമിക്കുന്നതിനു മുൻപ് അല്ലെങ്കിൽ വിരമിച്ച മൂന്നു വർഷക്കാലയളവിനുള്ളിൽ തിട്ടപ്പെടുത്തി ടിയാനെ അറിയിച്ചിട്ടുള്ള ബാധ്യതകൾ മാത്രം, ഈടാക്കാവുന്നതാണ്.

(ii) ഒരു ജീവനക്കാരന്റെ സർക്കാരിതര ബാധ്യതകൾ (സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമുള്ള ബാധ്യതകൾ) ജീവനക്കാരൻ വിരമിക്കൽ സമയത്തു ഡി ഡി ഒ യ്ക്ക് / ഓഫീസ് മേലധികാരിയ്ക്ക് എഴുതി നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി സി ആർ ജിയിൽ നിന്നും ഈടാക്കുവാൻ പാടില്ല.

(iii) ഒരു ജീവനക്കാരന്റെ ഡി.സി.ആർ.ജി-യിൽ നിന്നും സർക്കാർ, സർക്കാരിതര ബാധ്യതകൾ ഈടാക്കേണ്ടി വരുമ്പോൾ സർക്കാർ ബാധ്യത പൂർണ്ണമായും ഈടാക്കിയതിനു ശേഷം സർക്കാരിതര ബാധ്യതകൾ ഡി.ഡി.ഒ (Drawing & Disbursing Officer) -യ്ക്ക് ലഭിച്ച പെൻഷണറുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. 28.06.2021 - ലെ സ.ഉ(പി).90/2021/ധന നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ച് ഡി സി ആർ ജി യിൽ നിന്നും ബാധ്യത തുക ഈടാക്കാവുന്നതാണ്. സർക്കാർ ഇതര ബാധ്യത ഈടാക്കുന്നതിന് സ.ഉ.(പി)നം.146/2021 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

(iv) സർക്കാർ ബാധ്യത തുക ഡി.സി.ആർ.ജി-യിൽ നിന്നും തടഞ്ഞു വെയ്ക്കാൻ അച്ചടക്ക അധികാരി തീരുമാനിക്കുന്ന പക്ഷം ബാക്കി ഡി.സി.ആർ.ജി തുക പെൻഷണർക്ക് ലഭിക്കുന്നതിന് പെൻഷൻ അനുവദിക്കുന്ന അധികാരി ബാധ്യത പത്രം ട്രഷറിക്ക് നൽകേണ്ടതാണ്. ഡി.സി.ആർ.ജി-യിൽ നിന്നും തടഞ്ഞു വെയ്ക്കുന്ന തുക 8443-00-101-RD എന്ന ശീർഷകത്തിൽ സൂക്ഷിക്കുവാൻ ട്രഷറിക്ക് പെൻഷൻ അനുവദിക്കുന്ന അധികാരി ഒരു ഉത്തരവ് / നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. ഡി.സി.ആർ.ജി-യിൽ നിന്നും തടഞ്ഞു വെച്ച തുക മടക്കി നൽകുവാൻ ഭാവിയിൽ തീരുമാനിക്കുന്ന പക്ഷം 8443-00-101-RD എന്ന ശീർഷകത്തിൽ സൂക്ഷിച്ചിട്ടുള്ള തുക ടി ശീർഷകത്തിൽ നിന്നു തന്നെ പെൻഷണർക്ക് മടക്കി നൽകാവുന്നതും അപ്രകാരം തുക മടക്കി നൽകുന്നതിന് ഒരു ഉത്തരവ് / നടപടിക്രമം പുറപ്പെടുവിച്ച് പെൻഷൻ അനുവദിക്കുന്ന അധികാരി ട്രഷറിക്ക് നൽകേണ്ടതുമാണ്.

(b) ചട്ടം 3B

ഒരു ജീവനക്കാരന്റെ വിരമിക്കലിനോ മരണത്തിനോ മുമ്പ് ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ഉത്തരവിനു പ്രഭാവം നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തടഞ്ഞുവയ്ക്കേണ്ടതായി ഉത്തരവായിട്ടുള്ള ഇൻക്രിമെന്റിന്റെ തുകയ്ക്ക് തുല്യമായ സാമ്പത്തിക മൂല്യം ജീവനക്കാരന്റെ ഡി.സി.ആർ.ജി-യിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത തുക വസൂലാക്കുന്ന വേളയിൽ പെൻഷണർക്ക് മരണം സംഭവിക്കുന്ന കേസുകളിൽ വസൂലാക്കൽ തുക ഒഴിവാക്കുന്നതിനു സർക്കാരിന്റെ അനുമതി ആവശ്യമാണ്.

**(xiii) ചട്ടം 116 നു താഴെയുള്ള റൂളിംഗ് 6 പ്രകാരം ബാധ്യത ഈടാക്കുന്നതു സംബന്ധിച്ച്.**

ഡി സി ആർ ജി യിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത സർക്കാർ ബാധ്യത കെ എസ് ആർ ഭാഗം III ചട്ടം 116 നു താഴെയുള്ള റൂളിംഗ് 6 പ്രകാരം സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ടിയാൻ കേരള പബ്ലിക്ക് അക്കൗണ്ടന്റ്സ് ആക്ട് 1963-ന്റെ കീഴിൽ വരുന്നയാളാണെങ്കിൽ ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി മുഖേനയോ ഈടാക്കാവുന്നതാണ്.

**(xiv) ക്ഷാമാശ്വാസത്തിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച്.**

ഈടാക്കുവാനുള്ള ബാധ്യതതുക ചെറുതാണെങ്കിൽ സിവിൽ സ്യൂട്ട്/റവന്യൂ റിക്കവറി നടപടികൾ വഴി ഈടാക്കുന്നത് സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യതയും സമയ നഷ്ടവും വരുത്തുന്നതിനാലും ക്ഷാമാശ്വാസത്തിന് നിയമ പരിരക്ഷ ഇല്ലാത്തതിനാലും ബാധ്യത തുക ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കാവുന്നതാണ്. ഇപ്രകാരം ബാധ്യത ഈടാക്കുന്നതിന് മുമ്പ് പെൻഷണറെ അറിയിക്കേണ്ടതും ന്യായയുക്തമായ അവസരം നൽകി കഴിയുമെങ്കിൽ കേൾക്കേണ്ടതുമാണ്. ഇങ്ങനെ ബാധ്യത ഈടാക്കുന്നതിന് വേണ്ടി പുറപ്പെടുവിക്കുന്ന ഉത്തരവിൽ/നടപടിക്രമത്തിൽ പ്രസ്തുത തുക ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാരനെ പിരിച്ചു വിടുന്നതിന് പര്യാപ്തനായ അധികാരിയ്ക്ക് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**(xv) പെൻഷനിൽ നിന്നും ബാധ്യത ഈടാക്കുന്നതു സംബന്ധിച്ച്.**

ചട്ടം 3C

ഒരു ജീവനക്കാരന്റെ വിരമിക്കൽ തീയതി മുതൽ നാലുവർഷ കാലയളവിനുള്ളിൽ കണ്ടുപിടിക്കപ്പെട്ടതും അയാളുടെ വിരമിക്കലിനു മുമ്പ് നാലു വർഷ കാലയളവിനുള്ളിൽ തെറ്റായിട്ട് അയാൾക്കു നൽകിയിട്ടുള്ളതുമായ അധിക തുക അയാൾക്കു ലഭിക്കേണ്ട പ്രതിമാസ പെൻഷനിൽ നിന്നും 10% - ത്തിൽ കവിയാൻ പാടില്ലായെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗഡുക്കളായി

ഈടാക്കാവുന്നതാണ്. ഇങ്ങനെ ബാധ്യത ഈടാക്കുന്നതിന് വേണ്ടി പുറപ്പെടുവിക്കുന്ന ഉത്തരവിൽ/നടപടിക്രമത്തിൽ പ്രസ്തുത തുക പെൻഷനിൽ നിന്നും ഈടാക്കുന്നതിനായി ബന്ധപ്പെട്ട ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ജീവനക്കാരനെ പിരിച്ചു വിടുന്നതിന് പര്യാപ്തനായ അധികാരിയ്ക്ക് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**xvi) മരണമടഞ്ഞ ജീവനക്കാരന്റെ ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച്**

ബാധ്യത തിട്ടപ്പെടുത്തി അറിയിക്കുന്നതിനു മുൻപ് ഉദ്യോഗസ്ഥൻ മരണപ്പെട്ടാൽ ബാധ്യത എങ്ങനെ ഈടാക്കാം എന്നത് സംബന്ധിച്ച് കെ എസ് ആർ ഭാഗം III ൽ പ്രതിപാദിക്കുന്നില്ല. ബാധ്യത തിട്ടപ്പെടുത്തി ജീവനക്കാരനെ അറിയിക്കുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ ജീവനക്കാരൻ മറുപടി നല്കുകയോ സമയ പരിധിക്ക് ശേഷം മറുപടി നൽകാതെ ജീവനക്കാരൻ മരണമടയുകയോ ചെയ്യുന്ന പക്ഷം, ബാധ്യതയായി അറിയിച്ച തുക DCRG യിൽ നിന്നും ഈടാക്കാവുന്നതാണ്. DCRG യിൽ നിന്നും ഈടാക്കിയ ശേഷവും ബാധ്യത നിലനിൽക്കുന്നുവെങ്കിൽ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ സ്വത്ത് അന്തരാവകാശികൾക്ക് എത്രത്തോളമാണോ ലഭ്യമായത് (Property inherit) അത്രത്തോളം തുക അവരിൽ നിന്നും റെവന്യൂ റിക്കവറി വഴി ഈടാക്കി ബാധ്യതയിൽ ഒടുക്കാവുന്നതുമാണ്.

**xvii) സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നവരുടെ/പിരിച്ചുവിടുന്നവരുടെ കേസുകളിൽ ഡി സി ആർ ജി നൽകുന്നത് സംബന്ധിച്ച്**

ചട്ടം 29(a) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നവരുടെ മുൻകാല സേവനം നഷ്ടപ്പെടുന്നതിനാൽ അവർക്ക് ഡി സി ആർ ജി ക്കു അർഹതയില്ല. ടി ജീവനക്കാർ സർക്കാരിന് എന്തെങ്കിലും ബാധ്യത വരുത്തിയിട്ടുണ്ടെങ്കിൽ ആയതു റവന്യൂ റിക്കവറി/സിവിൽ സ്യൂട്ട് മുഖേന ഈടാക്കാവുന്നതാണ്.

**xviii) നിർബന്ധിത വിരമിക്കലും സർക്കാർ ബാധ്യതയും**

നിർബന്ധിത വിരമിക്കൽ നേടുന്ന വ്യക്തിയുണ്ടാക്കിയ സർക്കാർ നഷ്ടം / ബാധ്യത പൂർണ്ണമായും ഡി സി ആർ ജി യിൽ നിന്നും ഈടാക്കാവുന്നതാണ്. ആയതു നിർബന്ധിത വിരമിക്കൽ അനുവദിക്കുന്ന ഉത്തരവിൽ വ്യക്തമാക്കേണ്ടതാണ്. ബാധ്യത ഡി സി ആർ ജി-യെക്കാൾ അധികരിക്കുന്നുവെങ്കിൽ ആയതു സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ടിയാൻ പബ്ലിക്ക് അക്കൗണ്ടന്റ്സ് ആക്റ്റ് 1963 ന്റെ പരിധിയിൽ വരുന്നയാളാണെങ്കിൽ ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി വഴിയോ ഈടാക്കാവുന്നതാണ്.

**xix) കോടതി അറ്റാച്ച്മെന്റ്**

ഒരു പെൻഷണറുടെ പെൻഷൻ, ഡി സി ആർ ജി എന്നിവ ഒരു നീതിന്യായ കോടതിക്കും ജപ്തി ചെയ്യാനോ കണ്ടുകെട്ടാനോ അധികാരമില്ല. അത്തരത്തിൽ ഏതെങ്കിലും അധികാര സ്ഥാനം പ്രൊഹിബിറ്ററി ഓർഡർ പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ നിയമനാധികാരി/ വകുപ്പ് തലവൻ/

പെൻഷൻ അനുവദിക്കുന്ന അധികാരി, ടി പ്രൊഹിബിറ്ററി ഓർഡർ ഒഴിവാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**xx) അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരണം**

അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരനെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിച്ച് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ അച്ചടക്ക നടപടി യഥാസമയം സ്വീകരിക്കാത്തതിനാൽ അവർ രക്ഷപ്പെടുകയാണ് ചെയ്യുന്നത്. അച്ചടക്ക നടപടി പൂർത്തിയാക്കി ടിയാളെ സർവീസിൽ നിന്ന് നീക്കം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടി വരുന്നുവെങ്കിൽ സർക്കാരിനുണ്ടാകുന്ന ബാധ്യത 11.05.2009 ലെ സർക്കുലർ നം. 42/2009/ ധന പ്രകാരം, ടി വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

കെ എസ് ആർ ഭാഗം III ചട്ടങ്ങൾ പ്രകാരം ഒരാളുടെ സ്വഭാവം (good character), ചട്ടം 115(സി)(ii) പ്രകാരമുള്ള 'established service', ചട്ടം 59 (a) പ്രകാരമുള്ള തൃപ്തികരമായ സേവനകാലം (satisfactory service) എന്നിവ പരിഗണിച്ചാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഡ്യൂട്ടിയിൽ നിന്നും ബോധപൂർവ്വം വിട്ടുനിൽക്കുന്നത് വളരെ ഗൗരവമേറിയ പെരുമാറ്റ ദൂഷ്യമായി കണക്കാക്കി സംതൃപ്തികരമല്ലാത്ത സർവ്വീസിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 59 (b) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ നൽകുന്ന ആവശ്യത്തിലേക്കായി വിരമിച്ച ഒരു ജീവനക്കാരന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

അച്ചടക്ക നടപടി നേരിടുന്നവരുടെ അനധികൃത ഹാജരില്ലായ്മ കാലയളവ് അച്ചടക്ക നടപടി പൂർത്തിയാക്കിയതിനു ശേഷം ക്രമീകരിക്കേണ്ടതാണ്.

2. മുൻ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യമുള്ളപക്ഷം finpenbdept@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2518764 എന്ന ഫോൺ നമ്പരിലോ ഓഫീസ് മേലധികാരിക്ക്/ നിയമന അധികാരിക്ക്/പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്ക് / വകുപ്പ് തലവന് ബന്ധപ്പെടാവുന്നതാണ്.

3. മേൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവമായി കാണുന്നതും വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**സഞ്ജയ് എം കൗൾ**

സെക്രട്ടറി (ധനകാര്യ-വ്യയം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും

എല്ലാ സെക്ഷനുകൾക്കും

എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.

ഗവർണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറി.

രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ ട്രഷറികളും സബ് ട്രഷറികളും.

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (PEN-B3/5/2021-FIN)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**